പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7992 24.07.2012 -ലെ മറുപടി

എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും രാജധാനി സർവ്വീസുകൾ

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും രാജധാനി സർവ്വീസുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം സിറ്റി, വെഞ്ഞാറമൂട്, ആറ്റിങ്ങൽ, വെള്ളറട, പാപ്പനംകോട്, നെയ്യാറ്റിൻകര, കണിയാപുരം, കിളിമാനൂർ എന്നീ യൂണിറ്റുകളിൽ നിന്നുമായി 21 റിംഗ് റോഡ് രാജധാനി സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നത്. പരീക്ഷണാർത്ഥം തുടങ്ങിയ ഈ സർവ്വീസുകൾ ഉദ്ദേശിച്ച രീതിയിൽ വിജയപ്രദമായിട്ടില്ല. ആയതിനാൽ ലാഭകരമല്ലാത്ത റിംഗ് റോഡ് സർവ്വീസുകൾ പുനക്രമീകരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ മറ്റ് ഡിപ്പോകളിൽ നിന്നും രാജധാനി റിംഗ് റോഡ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ബി) | ആറ്റിങ്ങൽ, കണിയാപുരം, വെഞ്ഞാറമൂട് ഡിപ്പോകളിൽ നിന്നും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ? | (ബി) | ആറ്റിങ്ങലിൽ നിന്നും ആരംഭിച്ച രാജധാനി റിംഗ് റോഡ് സർവ്വീസുകൾ ചിറയിൻകീഴ് നിയോജകമണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൂടിയാണ് സർവ്വീസ് നടത്തിവരുന്നത്. പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ